**<u>കേരള സർക്കാർ</u>**

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ് - ആദിവാസി ക്ഷേമം സംബന്ധിച്ച് 29.6.99 ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നത് - ആദിവാസി ക്ഷേമ സെല്ലുകൾ രൂപീകരിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================

വനം, വന്യജീവി (ബി) വകുപ്പ്

സ.ഉ.(എം.എസ്)നം.99/99/വനം തിരുവനന്തപുരം തീയതി.28.12.1999.

=================================================

പരാമർശം:-1. 29.6.99 ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ജനറൽ) 14.12.99 ലെ എഫ്ഡു(3)34609/96 നമ്പർ കത്ത്.

...

<u>ഉത്തരവ്</u>

വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനായി ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 29.6.99 ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കാലാകാലങ്ങളിൽ പ്രാദേശിക തലത്തിൽ പൊന്തിവരാറുള്ള ആദിവാസികളുടെ പ്രശ്നങ്ങളും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള പ്രശ്നങ്ങളുമൊക്കെ അടിയന്തിരമായി പരിഹരിക്കുന്നതിനുവേണ്ടി ഓരോ സർക്കിൾ ആസ്ഥാനത്തും അതാതു വനം കൺസർവേറ്ററുടെ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരടങ്ങിയ ആദിവാസി ക്ഷേമ സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് തീരുമാനിച്ചിരുന്നു. 9.12.99 ൽ ബഹു. വനം വകുപ്പ് മന്ത്രിയും ബഹു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ) എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തുകയും ആദിവാസിക്ഷേമസെല്ലിന് ഏകദേശ രൂപം നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ) നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി ക്ഷേമ സെല്ലുകൾ രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് ആകുകയും ചെയ്യുന്നു.

.....2/-

1. ആദിവാസി ക്ഷേമസെൽ ഡിവിഷൻ തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഈ സെല്ലിൽ ജില്ലാ പട്ടിക വർഗ്ഗ ക്ഷേമ ഓഫീസർ, ആർ.ഡി.ഒ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഡിവിഷൻ അതിർത്തിക്കുള്ളിൽ ഉള്ള തെരഞ്ഞെടുക്കപ്പെട്ട പട്ടിക വർഗ്ഗ ത്രിതല പഞ്ചായത്ത് മെമ്പർമാർ, ഓരോ പട്ടികവർഗ്ഗ സെറ്റിൽമെന്റിൽ നിന്നും രണ്ടു വീതം പട്ടികവർഗ്ഗക്കാർ എന്നിവർ അംഗങ്ങളായിരിക്കണം.

2. പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ വികസന പ്രവർത്തനങ്ങൾ ആലോചിച്ച് ഉറപ്പിക്കാനും നടപ്പിലാക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വേണ്ട പദ്ധതികൾ തയ്യാറാക്കുക സമിതിയുടെ ചുമതലയായിരിക്കും.

3. വനം വന്യജീവി വകുപ്പിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ ആദിവാസികൾക്ക് മുൻഗണന നൽകുന്ന കാര്യം ഈ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

4. ചെറു വനം ചരക്കുകൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് പ്രയോജനകരമായ മാർഗ്ഗങ്ങൾ കണ്ടെത്തണം.

5. ആദിവാസി കോളനികളിൽ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കാനും അവയുടെ വിപണനം സുഗമമാക്കുന്ന കാര്യവും ഈ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

6. ഉൾവനങ്ങളിൽ മതിയായ സൗകര്യങ്ങൾ ലഭ്യമാകാതെ കഷ്ടതയനുഭവിക്കുന്ന ആദിവാസി കുടുംബങ്ങളെ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്ന പദ്ധതി ആലോചിച്ചു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന കാര്യവും ഈ സമിതിയുടെ ചുമതലയായിരിക്കും.

7. ആദിവാസികളുടെ പ്രശ്നങ്ങളും പരാതികളും സമിതി കൈകാര്യം ചെയ്യണം.

8. പട്ടികവർഗ്ഗക്കാരുടെ രോഗം, പട്ടിണി, അത്യാഹിതങ്ങൾ തുടങ്ങിയ ദുരിതാവസരങ്ങളിൽ സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ കൈക്കൊള്ളുകയും ആശ്വാസമെത്തിക്കുകയും ചെയ്യണം.

9. സമിതി 3 മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണം.

10. ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ ബന്ധപ്പെട്ട കൺസർവേറ്റർ അവലോകനം ചെയ്യേണ്ടതും നടപ്പിലാക്കാൻ മുൻകൈയെടുക്കേണ്ടതുമാണ്. പ്രസ്തുത അവലോകന റിപ്പോർട്ട് 6 മാസത്തിലൊരിക്കൽ ഗവൺമെന്റിലേക്ക് അയക്കേണ്ടതാണ്.

ഇപ്രകാരം രൂപീകരിക്കുന്ന സെല്ലിന്റെ പേര് 'സുരക്ഷ' എന്നായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിസ്സി ജേക്കബ്,
പ്രിൻസിപ്പൽ സെക്രട്ടറി

(മറുപുറം)

ഇപ്രകാരം രൂപീകരിക്കുന്ന സെല്ലിന്റെ പേര് 'സുരക്ഷ' എന്നായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ലിസി ജേക്കബ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി ആന്റ് പി) തിരുവനന്തപുരം.

x x x x x x

<u>മേലെഴുത്ത് നമ്പർ എഫ്.ഡി(3)34609/96. തീയതി: 18.1.2000.</u>

പകർപ്പ് എല്ലാ കൺസർവേറ്റർമാർക്കും അറിവിനും തുടർന്നുള്ള നടപടിക്കും വേണ്ടി അയക്കുന്നു. ഉത്തരവ് പ്രകാരമുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കിയ വിവരം ഒരു മാസത്തിനകം ഈ ഓഫീസിൽ റിപ്പോർട്ടു ചെയ്യേണ്ടതും ഉത്തരവ് കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതുമാണ്.

പകർപ്പ്:- ജൂനിയർ സൂപ്രണ്ടിന്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഡി)ക്കു വേണ്ടി.

ആ/21/1